15/01/22

25/11/2021


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

**Tel: 0471-2561631, 2561615, Fax: 0471-2330920**

**Email:- sic.ker@nic.in**


## ഹർജി നമ്പർ CP.No.786(5)/16/SIC
## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം
## File No. 13464/SIC-G7/2016

**സന്നിഹിത**

**ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ശ്രീ. ഒ.വി.ശ്രീദത്ത്,<br>ഗോവിന്ദമന്ദിരം, തലയ്ക്കൽ, റസ്സൽപുരം പി.ഒ,<br>ബാലരാമപുരം, തിരുവനന്തപുരം.** | **പരാതി ഹർജിക്കാരൻ** |

**Vs**

| | |
|---|---|
| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>പി.ഡബ്ല്യയൂ.ഡി. റോഡ്സ് സൂപ്രണ്ടിംഗ്<br>എഞ്ചിനീയറുടെ കാര്യാലയം,<br>തിരുവനന്തപുരം.** | **എതിർകക്ഷി** |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ.ഒ.വി.ശ്രീദത്ത് കമ്മീഷൻ മുമ്പാകെ 30.10.2016 ന് സമർപ്പിച്ച പരാതി ഹർജിയും മറ്റ് അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിക്കുകയുണ്ടായി. പരാതി ഹർജിക്കാരൻ 17.09.2016 ന് സമർപ്പിച്ച അപേക്ഷ യിൽ യാതൊരു വിവരവും ലഭ്യമായിട്ടില്ലെന്നാണ് പരാതി ഹർജിക്കാരൻ ആരോപിച്ചിരിക്കുന്നത്.

2. പ്രസ്തുത പരാതി ഹർജി കമ്മീഷൻ മുമ്പാകെ ലഭ്യമാകുന്ന അവസരത്തിൽ കമ്മീഷണർമാരുടെ അഭാവം നിലനിന്നിരുന്നതിനാൽ യഥാസമയം പരാതി ഹർജിയിന്മേൽ തീർപ്പ്കൽപ്പിക്കാൻ കഴിയാത്ത സാഹചര്യമായിരുന്നു. 2016 വർഷത്തെ പ്രസ്തുത പരാതി ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി, ടി പരാതി

ഹർജിയിന്മേൽ ഇപ്പോഴും പരാതി നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് കമ്മീഷൻ മുമ്പാകെ അറിയിക്കുന്നതിലേയ്ക്കായി 27.10.2020 തീയതി പരാതി ഹർജിക്കാരന് കത്ത് നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത കത്തിനോട് ടിയാൻ പ്രതികരിക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പരാതി ഹർജിയിന്മേൽ പരാതി ഹർജിക്കാരന് പരാതി നിലനിൽക്കുന്നില്ലെന്ന നിഗമനത്തിൽ ടി പരാതി ഹർജിയിന്മേലുള്ള നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേദിവസം 2021 നവംബർ മാസം 25-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത . പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയപകർപ്പ്

ഫിനാൻസ് എക്സ്പേർട്ട്